## പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ- 28 — 18.03.2013-ൽ മറുപടിയ്ക്ക്

## കുട്ടികളുടെ സുരക്ഷ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ആർ രാജേഷ്<br>ശ്രീ. ബി.ഡി ദേവസ്സി<br>ശ്രീമതി. പി. അയിഷാ പോറ്റി<br>ശ്രീ. ബാബു എം. പാലിശ്ശേരി | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) മോചനദ്രവ്യമാവശ്യപ്പെട്ട് എൽ.കെ.ജി. വിദ്യാർത്ഥിനിയെ തട്ടിക്കൊണ്ടുപോയ സംഭവത്തെ തുടർന്ന് കുട്ടികളും രക്ഷിതാക്കളും ആശങ്കാകുലരായിരിക്കുന്ന സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) എൽ.കെ.ജി. വിദ്യാർത്ഥിനിയെ തട്ടിക്കൊണ്ടുപോയ സംഭവത്തിന്മേൽ കൊരട്ടി പോലീസ് സ്റ്റേഷനിൽ Crime No. 348/13 U/S 364(A), 34 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് പ്രതികളെ അറസ്റ്റ് ചെയ്ത് റിമാന്റ് ചെയ്തിട്ടുള്ളതാണ്. |
| (ബി) കുട്ടികൾ സ്കൂളുകളിലും പൊതുസ്ഥലങ്ങളിലും കുറ്റകൃത്യങ്ങൾക്ക് ഇരയായിക്കൊണ്ടിരിക്കുന്ന സംഭവങ്ങളെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ; കുട്ടികളുടെ സുരക്ഷിതത്വത്തിന് നിലവിലുള്ള സംവിധാനങ്ങൾ എത്രത്തോളം പര്യാപ്തമാണ്; | (ബി) ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ആയതിന്മേൽ കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ കർശനമായ നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിലവിലുള്ള നിയമ സംവിധാനത്തിലൂടെ കുട്ടികളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് പോലീസ് ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇതിനായി സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പ് എന്നിവയുടെ നേതൃത്വത്തിൽ ചൂഷണത്തിനും, അതിക്രമങ്ങൾക്കും എതിരായി കുട്ടികൾക്ക് ബോധവൽക്കരണ പരിപാടികളും, സെമിനാറുകളും സംഘടിപ്പിക്കുന്നുണ്ട്. |

(സി) കുട്ടികളുടെ സുരക്ഷിതത്വം ഉറപ്പാക്കാനും ഇത്തരം സംഭവങ്ങൾ ആവർത്തിക്കപ്പെടാതിരിക്കാനും സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടി വിശദമാക്കുമോ?

(സി) കുട്ടികളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനും ഇത്തരം സംഭവങ്ങൾ ആവർത്തിക്കപ്പെടാതിരിക്കുന്നതിനുമായി ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിന്റെ ഭാഗമായി പൊതുസ്ഥലങ്ങൾ, സ്കൂൾ പരിസരങ്ങൾ എന്നിവിടങ്ങളിൽ പോലീസ് നിരീക്ഷണം ശക്തമാക്കി വരുന്നു. കുട്ടികൾ നേരിടേണ്ടിവരുന്ന ചൂഷണത്തേയും, പീഢനങ്ങളെയും കുറിച്ചും അതിനെതിരെ സ്വീകരിക്കേണ്ട നടപടികളെക്കുറിച്ചും ബോധ്യപ്പെടുത്തുന്നതിനായി കുട്ടികൾക്കും , രക്ഷാകർത്താകൾക്കും, അധ്യാപകർക്കും ജനമൈത്രി പോലീസ് സംവിധാനത്തിലൂടെയും സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതിയിലൂടെയും ബോധവൽക്കരണവും സെമിനാറുകളും നടത്തി വരുന്നു. കൂടാതെ Anti Human trafficking Unit (AHTU) ന്റെ നേതൃത്വത്തിൽ Department of Social Welfare, Child Welfare Committee, Child line Services, SC/ ST Department എന്നിവയുടെ സഹകരണത്തോടെ കുട്ടികൾക്ക് എതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനായി റെയ്ഡുകളും, സ്പെഷ്യൽ ഡ്രൈവുകളും അദാലത്തുകളും നടത്തുന്നുണ്ട്.

സെക്ഷൻ ഓഫീസർ